**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **07-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി പുഴയോര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുറ്റ്യാടി പുഴയോരം തകർന്നു കൊണ്ടിരിക്കുന്ന അവസ്ഥയിൽ, അടുത്ത കാലവർഷത്തിനു മുൻപ് തീരം കെട്ടി സംരക്ഷിക്കുന്നതിനു എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, വേളം, മണിയൂർ,തിരുവള്ളൂർ എന്നീ പഞ്ചായത്തുകളിൽ കുറ്റ്യാടി പുഴയോരം അടുത്ത കാലവർഷത്തിന് മുമ്പ് സംരക്ഷിക്കുന്നതിനായി സൈറ്റിലെ ആവശ്യകത അനുസരിച്ചും പരാതികൾ ലഭിക്കുന്ന പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കാറുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയും മുൻഗണനയുമനുസരിച്ച് അവ നടപ്പിലാക്കാവുന്നതാണ്. കുറ്റ്യാടി എം.എൽ.എ യുടെ 16/10/2022 ലെ കത്ത് പ്രകാരം കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റ്യാടി പഞ്ചായത്തിലെ 4 പ്രവൃത്തികളും, തിരുവള്ളൂർ പഞ്ചായത്തിലെ 2 പ്രവൃത്തികളും, മണിയൂർ പഞ്ചായത്തിലെ 16 പ്രവൃത്തികളും വേളം പഞ്ചായത്തിലെ 12 പ്രവൃത്തികളും ഉൾപ്പെടെ ആകെ 34 പ്രവൃത്തികളുടെ 23.96 കോടി രൂപയുടെ ഡിപിആർ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി അറിയിക്കുമോ? | (ബി) | വേളം പഞ്ചായത്തിലെ ചോയിമഠം ജുമാമസ്ജിത് പള്ളിയ്ക്ക് സമീപം കുറ്റ്യാടി പുഴയുടെ വലതുകര സംരക്ഷണത്തിനുള്ള 40.50 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി നടന്നു വരുന്നു. കൂടാതെ കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണത്തിനായി ചെറുവണ്ണൂർ ചങ്ങരോത്ത് പഞ്ചായത്തുകളിലായി 10 കോടിരൂപയുടെ ഭരണാനുമതി നൽകിയ 17 പ്രവൃത്തികളിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ